"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം-ശ്രീമതി. എസ്. ഗീതാകുമാരിക്ക്(സ്വീപ്പർ-കം-ഓഫീസ് അസിസ്റ്റന്റ്) 10-ാം ശമ്പള പരിഷ്കരണത്തിലെ ഏറ്റവും താഴ്ന്ന സ്കെയിലായ 16500-35700 രൂപയിൽ 16500/-രൂപ അടിസ്ഥാന ശമ്പളം 01/07/2014 പ്രാബല്യത്തിൽ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.930/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/04/2021

---

പരാമർശം:- 1 സ.ഉ(സാധാ) നം.1479/2020/തസ്വഭവ

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.11.2020-ലെ 4200/ഇ/2012/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

കുടുംബശ്രീ സംസ്ഥാനമിഷനിൽ 13.04.1998 മുതൽ പാർട്ട് ടൈം സ്വീപ്പറായി ജോലിചെയ്തുവരുന്ന ശ്രീമതി.എസ്.ഗീതാകുമാരിക്ക് 01.11.2012 തീയതി പ്രാബല്യത്തിൽ ഗവേണിംഗ് ബോഡി അനുവദിച്ച സ്വീപ്പർ കം ഓഫീസ് അസിസ്റ്റന്റ് തസ്തിക അംഗീകരിച്ച് 9-ാം ശമ്പള പരിഷ്കരണത്തിലെ ഏറ്റവും താഴ്ന്ന സ്കെയിലായ 8500-13210-ൽ 8500/-രൂപ അടിസ്ഥാന ശമ്പളം അനുവദിച്ച് നൽകിയ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്ക്, മുൻകാല പ്രാബല്യത്തിൽ വേതന കുടിശ്ശിക അനുവദനീയമല്ല എന്ന വ്യവസ്ഥയോടെ സാധൂകരണം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കുടുംബശ്രീ മിഷനിൽ ശമ്പള സ്കെയിൽ അനുവദിക്കപ്പെട്ട ജീവനക്കാർക്ക് 01/07/2014 പ്രാബല്യത്തിൽ 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയ സാഹചര്യത്തിൽ, ശ്രീമതി.എസ്. ഗീതാകുമാരിയ്ക്ക് 10-ാം ശമ്പള പരിഷ്കരണത്തിലെ ഏറ്റവും താഴ്ന്ന സ്കെയിലായ 16,500-35,700 രൂപയിൽ 16500/- രൂപ അടിസ്ഥാന ശമ്പളമായി 01/07/2014 പ്രാബല്യത്തിൽ നിശ്ചയിച്ച് ശമ്പള കുടിശ്ശിക ഉൾപ്പെടെ അനുവദിച്ച നൽകാമോ എന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (2) കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻകാല പ്രാബല്യത്തിൽ വേതന കുടിശ്ശിക അനുവദനീയമല്ല എന്ന വ്യവസ്ഥിൽ ശ്രീമതി. എസ്.ഗീതാകുമാരിക്ക് 10-ാം ശമ്പള പരിഷ്കരണത്തിലെ ഏറ്റവും താഴ്ന്ന സ്കെയിലായ 16500-35700 രൂപയിൽ, 16500/-രൂപ അടിസ്ഥാന ശമ്പളമായി 01/07/2014 പ്രാബല്യത്തിൽ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എം**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ശ്രീമതി. എസ്.ഗീതാകുമാരി,സ്വീപ്പർ, കുടുംബശ്രീ(എക്സിക്യൂട്ടീവ് ഡയറക്ടർ,

കുടുംബശ്രീ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള,

തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ